# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

12.06.2018-ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2432

## ഒറ്റപ്പാലം കിൻഫ്ര വ്യവസായ പാർക്ക്

| ചോദ്യം<br>ശ്രീ.പി.ഉണ്ണി | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| എ) ഒറ്റപ്പാലം കിൻഫ്ര വ്യവസായ പാർക്കിലേക്ക് വ്യവസായങ്ങൾ ആകർഷിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദീകരിക്കാമോ; | എ) ഒറ്റപ്പാലം കിൻഫ്ര പാർക്കിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി കിൻഫ്ര സ്മാൾ ഇൻഡസ്ട്രീസ് അസോസിയേഷൻ, കോൺഫഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസ്, ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേമ്പർ ഓഫ് കോമേഴ്സ് ആന്റ് ഇൻഡസ്ട്രീസ് തുടങ്ങിയ വാണിജ്യ മേഖലയിലുള്ള സംഘടനകളുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തും സംസ്ഥാനത്തിനു പുറത്തും സംഘടിപ്പിക്കുന്ന വ്യവസായ സംരംഭകരുടെ ബിസിനസ് മീറ്റിൽ ഇതു സംബന്ധിച്ച് അവതരണങ്ങളും നടത്തിയിട്ടുണ്ട്. |
| ബി) പ്രസ്തുത വ്യവസായ പാർക്കിൽ നിലവിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ? | (ബി) പ്രസ്തുത വ്യവസായ പാർക്കിൽ നിലവിൽ 8 വ്യവസായ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത സംരംഭങ്ങൾ എല്ലാം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. ഒറ്റപ്പാലം വ്യവസായ പാർക്കിൽ കിൻഫ്ര നിർമ്മിച്ച 1,00,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ബഹുനില ഫാക്ടറി കെട്ടിട സമുച്ചയത്തിൽ ബ്ളിസ്സ്ഫുൾ അപ്പാരൽസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന വസ്ത്ര നിർമ്മാണ യൂണിറ്റിന് സ്ഥലം അനുവദിക്കുകയും പ്രസ്തുത യൂണിറ്റ് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ